**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3649** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ഇപ്പോൾ ശരാശരി എത്ര രൂപയാണ്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ശരാശരി 6.50 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനവും മറ്റിതര വരുമാനവും വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അതുവഴി 35% അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>നഷ്ടത്തിലുള്ള ട്രിപ്പുകൾ നടത്തുന്നത് ഒഴിവാക്കി ചെലവ് കുറയ്ക്കേണ്ടതും ലഭ്യമായ പരമാവധി ജീവനക്കാരേയും ഐഡിൽ ആയി കിടക്കുന്ന ബസ്സുകളും മറ്റ് വിഭവങ്ങളും ഉപയോഗിച്ച് പൊതുജനോപകാരപ്രദമായും ലാഭകരമായും സർവ്വീസുകൾ നടത്തി വരുന്നു.<br><br>ഇതിനായി ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്ന ഫീഡർ സർവ്വീസുകൾ, നവീന ആശയങ്ങളായ സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ സർവ്വീസുകൾ എന്നിവ കൂടാതെ പ്രവർത്തന ചെലവ് പങ്ക് വയ്ക്കുന്ന രീതിയിൽ യാത്രാ ചെലവ് കൂട്ടാതെയുള്ള ഗ്രാമവണ്ടി എന്ന നവീന സർവ്വീസും ആരംഭിക്കുകയും വ്യാപകമാക്കുകയും ചെയ്തു വരികയാണ്. ദീർഘദൂര യാത്രക്കാർക്ക് |

വേഗത്തിലെത്തുന്നതും നഗര ട്രാഫിക്കിൽ പെടാത്തതുമായ ബൈപ്പാസ് റൈഡർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

അത്യാധുനിക ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തിരം ക്യാപിറ്റൽ ചെലവും കടവും ഒഴിവാക്കി കെ.എസ്.ആർ.ടി.സി.യിൽ ലീസ് അടിസ്ഥാനത്തിൽ ലാഭകരമായി ഓപ്പറേറ്റ് ചെയ്യുക, ഓപ്റ്റിമൈസേഷനിലൂടെയും ചെലവ് ചുരുക്കിയും ട്രിപ്പ് ലെവൽ സർവ്വീസ് ക്രമീകരണം നടത്തുക ജീവനക്കാരുടെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും MTW ഡ്യൂട്ടി പൂർണ്ണമായും നടപ്പാക്കുക എന്നിങ്ങനെ നടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിച്ചിട്ടുണ്ട്.

അന്തരീക്ഷ മലിനീകരണവും പ്രവർത്തന ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസ് നടത്തി വരുന്നു. ഇത് കൂടാതെ സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 113 ഇലക്ട്രിക് ബസ്സുകൾ കൂടി ലഭ്യമാക്കി സർവ്വീസ് നടത്തുന്നതാണ്.

വിനോദ സഞ്ചാര സാദ്ധ്യത പ്രയോജനപ്പെടുത്തി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ച് അത് മുഖേന വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ട്രിപ്പുകൾ ക്രമീകരിച്ച് മിതമായ നിരക്ക് ഈടാക്കി നടത്തിവരുന്നത് അധിക വരുമാന വർദ്ധനവിന് സഹായകമായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യെ സംരംക്ഷിക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റു പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ചു നൽകൽ, കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ, കടമുറികൾ എന്നിവ കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display, കൊറിയർ & പാഴ്സൽ, സർവീസ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചു വരികയും ചെയ്യുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാം ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം എന്നിവ ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. യൂണിറ്റുകളിൽ എ.ടി.എം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൊറിയർ സർവ്വീസിന്റെ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ അവസാന ഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ വരുന്നതും National Highway യോടു ചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ച് നൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനിക സൗകര്യത്തോടു കൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റു അവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി

| | | | |
|---|---|---|---|
| | | | യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ